# <u>പത്രക്കുറിപ്പ് (05/05/17)</u>

1. കോട്ടയം ഡി വൈ എസ് പി ഗിരിഷ് പി സാരഥി 05-05-2017 തീയ്യതി പുലർച്ചയ്ക്ക് പൂവത്തുംമൂട് പാലത്തിനു സമീപം അയർക്കുന്നം ഏറ്റുമാനൂർ റോഡിലൂടെ അനധികൃതമായി പൂഴിമണ്ണ് കടത്തിക്കൊണ്ടിരുന്ന 6 ടിപ്പർ ലോറികളും 1 ജെ.സി. ബി.-യും കസ്റ്റഡിയിലെടുത്തു. നീറിക്കാട് വില്ലേജിൽ വയലപള്ളി മറ്റത്തിൽ വീട്ടിൽ ജോസഫ് മകൻ 51 വയസ്സുള്ള ഫ്രാൻസിസ് വി. ജെ. യുടെ വകയാണ് ലോറികളും ജെ.സി.ബി. യും . അയർക്കുന്നം പുന്നമറ്റത്തിൽ കിഴക്കേതിൽ കുഞ്ഞുമോൻ പി.സി. എന്നയാളുടെ പുരയിടത്തിൽ നിന്നാണ് മണ്ണ് കടത്തിക്കൊണ്ടിരുന്നത്. അനന്തര നടപടിക്കായി റിപ്പോർട്ട് ജില്ലാ കളക്ടർക്ക് കൈമാറി.
2. ചിങ്ങവനം പോലീസ് സ്റ്റേഷൻ പരിധിയിൽ. 04.05.17 തീയതി വൈകിട്ട് 08.45 മണിക്ക് എണ്ണക്കാച്ചിറ ഭാഗത്ത് പരസ്യമായി മദ്യപാനം നടക്കുന്നതിനായി വിവരം ലഭിച്ച് സ്ഥലത്തെ എത്തിയ പോലീസ് പാർട്ടിയെ മദ്യപിച്ച് കൊണ്ടിരുന്ന 4 പേരും മറ്റ് 5 പേരും കൂടി ക്രിത്യ നിർവ്വഹണം തടസ്സപ്പെടുത്തുകയും ദേഹോപദ്രവം ഏൽപ്പിക്കാൻ ശ്രമിക്കുകയും പോലീസ് ജീപ്പിൻെറ ഇൻഡിക്കേറ്ററും മറ്റും പൊട്ടിക്കുകയും ചെയ്തതിനു ഏഴാം പ്രതി സൽബു, S/o സാബു പുതുപ്പറമ്പിൽ വീട്, എണ്ണക്കാച്ചിറ, കുറിച്ചി എന്നയാളെ അറസ്റ്റ് ചെയ്തു റിമാന്റ് ചെയ്തു. മറ്റ് പ്രതികൾക്കായി ചിങ്ങവനം പോലീസ് സബ്ബ് ഇൻസ്പെക്ടർ അനൂപ് സി നായരുടെ നേതൃത്വത്തിൽ അന്വേഷണം നടത്തി വരുന്നു.

Sd/-(05/05/17)

കോട്ടയം ജില്ലാ പോലീസ് മേധാവിക്ക് വേണ്ടി